| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനൊന്നാം സമ്മേളനം | | | |
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 703* | | 14.07.2014-ൽ മറുപടിക്ക് | |
| ബാലാവകാശ കമ്മീഷൻ പ്രവർത്തനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ 17(1) വകുപ്പ് പ്രകാരമാണ് സർക്കാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഒരു ചെയർപേഴ്സണും 6 അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് (സി.പി.സി.ആർ. ആക്ട്) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 (റൈറ്റ് ഓഫ് ചിൽഡ്രൻ ടു ഫ്രീ ആന്റ് കമ്പൽസറി എഡ്യൂക്കേഷൻ ആക്ട്). കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട് - പോക്സോ ആക്ട്) എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്. |
| (ബി) | ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിന് കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | ബാലവേല സംബന്ധിച്ച പരാതികളിന്മേൽ, ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും, നടപടികൾ സ്വീകരിക്കുന്നതിനും ചുമതലപ്പെട്ടിട്ടുള്ള തൊഴിൽ, പോലീസ് തുടങ്ങിയ വകുപ്പുകളോടും ചൈൽഡ്ലൈൻ തുടങ്ങിയ ഏജൻസികളോടും കമ്മീഷൻ റിപ്പോർട്ടുകൾ ആവശ്യപ്പെടാറുണ്ട്. വ്യക്തിഗത പരാതികൾക്കു പുറമേ, മാധ്യമ വാർത്തകളെ ആധാരമാക്കി സ്വമേധയാലുള്ള നടപടികളും കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ